**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2439** **12-12-2022 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോ വഴി വിതരണം ചെയ്യുന്ന അവശ്യസാധനങ്ങളുടെ വിലവിവരപ്പട്ടിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സപ്ലൈകോ വഴി വിതരണം ചെയ്യുന്ന അവശ്യസാധനങ്ങൾ ഏതൊക്കെയാണെന്നും ഇതിൽ ഏതെല്ലാം സാധനങ്ങൾക്ക് എത്ര വീതം സബ്സിഡി നൽകിവരുന്നുണ്ടെന്നും വ്യക്തമാക്കാമോ; | (എ) | സപ്ലൈകോ വില്പനശാലകൾ വഴി 35 ഇനം ആവശ്യഭക്ഷ്യധാന്യങ്ങൾ പൊതുവിപണി വിലയേക്കാൾ 10 മുതൽ 20 ശതമാനം വരെ വില കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു (**അനുബന്ധം I** ആയി ചേർത്തിരിക്കുന്നു). ഇതിൽ 13 ഇനം അവശ്യസാധനങ്ങൾ 20 മുതൽ 50 ശതമാനം സബ്സിഡി നിരക്കിൽ സപ്ലൈകോ വില്പനശാലകൾ വഴി സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡുടമകൾക്കും വിതരണം ചെയ്യുന്നുണ്ട്. അവയുടെ വിശദാംശങ്ങ **അനുബന്ധം II** ആയി ചേർത്തിരിക്കുന്നു. |
| (ബി) | കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സപ്ലൈകോ വഴി വിതരണം ചെയ്തിരുന്ന സാധനങ്ങളുടെ വിലവിവരപ്പട്ടികയും അധികാരമൊഴിയുന്ന തീയതിയിലെ സാധനങ്ങളുടെ വിലവിവരപ്പട്ടികയും ലഭ്യമാക്കുമോ; | (ബി) | കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സപ്ലൈകോ വഴി വിതരണം ചെയ്തിരുന്ന 13 ഇനം അവശ്യസാധനങ്ങളുടെ വിലവിവരപ്പട്ടികയും അധികാരമൊഴിയുന്ന തീയതിയിലെ പ്രസ്തുത സാധനങ്ങളുടെ വിലവിവരപ്പട്ടികയും **അനുബന്ധം III** ആയി ചേർത്തിരിക്കുന്നു. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സപ്ലൈകോ വഴി വിതരണം ചെയ്തിരുന്ന സാധനങ്ങളുടെ വിലവിവരപ്പട്ടികയും ഈ സാധനങ്ങളുടെ നിലവിലെ വിലവിവരപ്പട്ടികയും ലഭ്യമാക്കുമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സബ്സിഡി നിരക്കിൽ വിപണനം ചെയ്യുന്ന സാധനങ്ങളുടെ വിലവിവരപ്പട്ടികയും ഈ സാധനങ്ങളുടെ നിലവിലെ വിലവിവരപ്പട്ടികയും **അനുബന്ധം IV** ആയി ചേർത്തിരിക്കുന്നു. |
| (ഡി) | സബ്സിഡിയോടെ വിൽപ്പന നടത്തുന്ന സാധനങ്ങൾക്ക് വില വർദ്ധിക്കുകയില്ലെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ആയത് നടപ്പിലാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ഡി) | 2016 ന് ശേഷം സബ്സിഡി നിരക്കിൽ വിൽപ്പന നടത്തിവരുന്ന 13 ഇനങ്ങളുടെ വില്പന വില വർദ്ധിപ്പിച്ചിട്ടില്ല. സബ്സിഡിയോടെ വില്പന നടത്തുന്ന അവശ്യസാധനങ്ങൾ ഉൾപ്പെടെയുള്ളവയുടെ വില വർദ്ധിപ്പിക്കാതിരിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി പൂഴ്ത്തിവയ്പ്പും, കരിഞ്ചന്തയും, വിലനിലവാരവും |

| | | | |
|---|---|---|---|
| | | | പരിശോധിക്കുന്നതിനായി ജില്ലാകളക്ടറുടെ നേതൃത്വത്തിൽ 3222 പരിശോധനകൾ നടത്തിയിട്ടുണ്ട്. കൂടാതെ വില പ്രദർശിപ്പിക്കാത്ത 619 കടകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുമുണ്ട്. |
| (ഇ) | സംസ്ഥാനത്ത് പൊതുവിപണിയിൽ അരിവില ക്രമാതീതമായി ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്ത് പൊതുവിപണിയിൽ ലഭ്യമായ അരി ഓരോ ഇനത്തിനും ഏറ്റവും ഒടുവിലത്തെ വിലവിവരപ്പട്ടിക ലഭ്യമാക്കുമോ; ഇവയുടെ സപ്ലൈകോയിലെ വിലവിവരപ്പട്ടിക ലഭ്യമാക്കുമോ; അരിവില നിയന്ത്രിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | (ഇ) | ഉണ്ട്. പൊതുവിപണിയിൽ അരിവില വൻതോതിൽ ഉയർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വില നിയന്ത്രിക്കുന്നതിന് സർക്കാർ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>സപ്ലൈകോ വില്പനശാലകൾ വഴി പച്ചരി, ജയ, മട്ട, കുറുവ എന്നീ ഇനങ്ങളിലുള്ള അരി സബ്സിഡി നിരക്കിൽ കാർഡൊന്നിന് 10 കിലോഗ്രാം വീതവും പൊതുവിപണിയേക്കാൾ കുറഞ്ഞ നിരക്കിൽ പൊതുജനങ്ങൾക്കാവശ്യാനുസരണം ഫ്രീസെയിലായും വിതരണം ചെയ്തു വരുന്നുണ്ട്. ഇതിനു പുറമേ, പൊതു വിപണിയിലെ അരിയുൾപ്പെടെയുള്ള ഭക്ഷ്യ വസ്തുക്കളുടെ വിലവർദ്ധനവും, ദൗർലഭ്യവും പിടിച്ചു നിർത്തുന്നതിനായി അടിയന്തിര സാഹചര്യം കണക്കിലെടുത്ത് സപ്ലൈകോ വില്പനശാലകളുടെ പ്രവർത്തനത്തിനൊപ്പം 'അരി വണ്ടി' 02-11-2022 മുതൽ 08-11-2022 വരെ ഞായറാഴ്ച ഒഴികെയുള്ള 6 ദിവസത്തേയ്ക്ക് എല്ലാ താലൂക്കുകളിലും എത്തിച്ചേരുന്ന വിധത്തിൽ ക്രമീകരിച്ച് സംസ്ഥാനത്തിലെ റേഷൻകാർഡുടമകൾക്ക് അരിയും മറ്റ് അവശ്യ ഭക്ഷ്യവസ്തുക്കളും ലഭ്യമാക്കുകയുണ്ടായി. സംസ്ഥാനത്തെ വിദൂര പ്രദേശങ്ങളിൽ (Remote locations) ഉൾപ്പെടുന്ന തീരദേശ, മലയോര, ആദിവാസി മേഖലകൾക്ക് മുൻഗണന നൽകിയാണ് 'അരി വണ്ടി'യുടെ സേവനം ക്രമീകരിച്ചത്. പൊതുവിപണിയിൽ അരി വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സപ്ലൈകോയുടെ അരി വണ്ടികൾ വഴി ഒരാഴ്ചകൊണ്ട് 1,31,464 കിലോ അരിയാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്തത്.<br><br>സംസ്ഥാനത്തെ ജനങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന തരം അരി ഇനങ്ങൾ FCI വഴി സംഭരിച്ച് ആയത് റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിൽക്കൂടി സംസ്ഥാനത്തെ അരിവില പൊതുവിപണിയിൽ ഉയരുന്നത് തടയാൻ സാധിച്ചിട്ടുണ്ട്.<br><br>പൊതുവിപണിയിൽ അരി വില ഉയർന്ന് കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വില നിയന്ത്രിക്കുന്നതിനു വേണ്ടി ഇടനിലക്കാരെ ഒഴിവാക്കി ആന്ധ്രപ്രദേശ് ഉൾപ്പെടെയുള്ള ഉല്പാദക സംസ്ഥാനങ്ങളിൽ നിന്ന് കുറഞ്ഞവിലയ്ക്ക് അരി നേരിട്ടെത്തിക്കുന്നതിനെക്കുറിച്ചുള്ള മന്ത്രിതല |

| | | | |
|---|---|---|---|
| | | | ചർച്ചകളുടെ അടിസ്ഥാനത്തിൽ സപ്ലൈകോയും ആന്ധ്ര സിവിൽ സപ്ലൈസ് കോർപറേഷനും ചർച്ചകൾ നടത്തി വരുന്നുണ്ട്.<br><br>കൂടാതെ റേഷൻകടകൾ വഴി പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന (PMGKAY) പദ്ധതി പ്രകാരം അധിക അരി വിതരണം നടത്തുന്നതും വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്.<br><br>പൊതുവിപണിയിൽ ലഭ്യമായ അരി ഇനങ്ങളുടെ വിലവിവരപ്പട്ടിക ഇവയുടെ സപ്ലൈകോയിലെ വിലവിവരപ്പട്ടിക എന്നിവ **അനുബന്ധം V** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

| Sl. No. | Name of Commodity | Freesale subsidy selling price in Maveli Stores/Super Stores | | | | |
|---|---|---|---|---|---|---|
| | | Price Without GST | GST % | CGST amount (50% of GST) | SGST amount (50% of GST) | **Selling Price to Consumers** |
| 1 | Green Gram | 90.00 | 0.00 | 0.00 | 0.00 | **90.00** |
| 2 | Green Gram Premium | 112.00 | 0.00 | 0.00 | 0.00 | **112.00** |
| 3 | Blackgram Washed (whole) | 108.00 | 0.00 | 0.00 | 0.00 | **108.00** |
| 4 | Bengal gram bold | 66.00 | 0.00 | 0.00 | 0.00 | **66.00** |
| 5 | Bengal gram bold (Premium) | 96.00 | 0.00 | 0.00 | 0.00 | **96.00** |
| 6 | Lobia | 95.00 | 0.00 | 0.00 | 0.00 | **95.00** |
| 7 | Toordhal | 118.00 | 0.00 | 0.00 | 0.00 | **118.00** |
| 8 | Peasdhal | 74.00 | 0.00 | 0.00 | 0.00 | **74.00** |
| 9 | Chillies | 285.72 | 5.00 | 7.14 | 7.14 | **300.00** |
| 10 | Coriander | 142.86 | 5.00 | 3.57 | 3.57 | **150.00** |
| 11 | Cuminseed | 285.72 | 5.00 | 7.14 | 7.14 | **300.00** |
| 12 | Mustard | 93.34 | 5.00 | 2.33 | 2.33 | **98.00** |
| 13 | Methy | 81.90 | 5.00 | 2.05 | 2.05 | **86.00** |
| 14 | Green Peas | 60.00 | 0.00 | 0.00 | 0.00 | **60.00** |
| 15 | Kabuli Gram(White Gram) | 106.00 | 0.00 | 0.00 | 0.00 | **106.00** |
| 16 | FS Sugar | 38.58 | 5.00 | 0.96 | 0.96 | **40.50** |
| 17 | Raw rice (Sortex) | 28.00 | 0.00 | 0.00 | 0.00 | **28.00** |
| 18 | Matta rice sortex (Unda) | 39.00 | 0.00 | 0.00 | 0.00 | **39.00** |
| 19 | Jaya rice sortex | 39.00 | 0.00 | 0.00 | 0.00 | **39.00** |
| 20 | Kuruva rice sortex | 36.00 | 0.00 | 0.00 | 0.00 | **36.00** |
| 21 | Raw rice Co variety | 32.50 | 0.00 | 0.00 | 0.00 | **32.50** |
| 22 | Matta rice sortex (vadi) | 46.00 | 0.00 | 0.00 | 0.00 | **46.00** |
| 23 | Idli Rice | 38.00 | 0.00 | 0.00 | 0.00 | **38.00** |
| 24 | Biriyani rice (Sona) | 44.50 | 0.00 | 0.00 | 0.00 | **44.50** |
| 25 | ASD/Co Boiled rice | 36.00 | 0.00 | 0.00 | 0.00 | **36.00** |
| 26 | Surekha Rice | 40.00 | 0.00 | 0.00 | 0.00 | **40.00** |
| 27 | Ponni Rice (S) Single Boiled | 35.00 | 0.00 | 0.00 | 0.00 | **35.00** |
| 28 | Ponni Rice (S) Double Boiled | 45.00 | 0.00 | 0.00 | 0.00 | **45.00** |

| | | | | | | |
|---|---|---|---|---|---|---|
| 29 | Red Piriyan Chilly | 323.80 | 5.00 | 8.10 | 8.10 | **340.00** |
| Sl. No. | **Name of Commodity** | Freesale subsidy selling price in Maveli Stores/Super Stores | | | | |
| | | Price Without GST | GST % | CGST amount (50% of GST) | SGST amount (50% of GST) | **Selling Price to Consumers** |
| 30 | Green Gram dhal | 114.00 | 0.00 | 0.00 | 0.00 | **114.00** |
| 31 | Massor dhal yellow | 132.00 | 0.00 | 0.00 | 0.00 | **132.00** |
| 32 | Massor dhal orange | 106.00 | 0.00 | 0.00 | 0.00 | **106.00** |
| 33 | Ragi | 32.00 | 0.00 | 0.00 | 0.00 | **32.00** |
| 34 | Horse Gram | 83.00 | 0.00 | 0.00 | 0.00 | **83.00** |
| 35 | Blackgram Split | 104.00 | 0.00 | 0.00 | 0.00 | **104.00** |

## അനുബന്ധം 11

| ക്രമ നം. | ഇനം | നിലവിലെ സബ്സിഡി വില (രൂപ കി.ഗ്രാമിന്) | പൊതു വിപണി വില (as per Economics and Statistics Dept of **06.12.2022** (per Kg) | സപ്ലൈകോ സബ്സിഡി വിലയും പൊതു വിപണി വിലയും തമ്മിലുള്ള വ്യത്യാസം | വ്യത്യാസം ശതമാനത്തിൽ | **സബ്സിഡിയായി കണക്കാക്കാവുന്ന തുക** | ഒരു റേഷൻ കാർഡിന് പ്രതിമാസം നൽകുന്ന അളവ് |
|---|---|---|---|---|---|---|---|
| 1 | ചെറുപയർ | 74.00 | 112.79 | 38.79 | 34% | **38.79** | 1 Kg |
| 2 | ഉഴുന്ന് ബോൾ | 66.00 | 129.21 | 63.21 | 49% | **63.21** | 1 Kg |
| 3 | വൻകടല | 43.00 | 90.57 | 47.57 | 53% | **47.57** | 1 Kg |
| 4 | വൻപയർ | 45.00 | 101.50 | 56.50 | 56% | **56.50** | 1 Kg |
| 5 | തുവര പരിപ്പ് | 65.00 | 131.43 | 66.43 | 51% | **66.43** | 1 Kg |
| 6 | മുളക് | 75.00 | 333.86 | 258.86 | 78% | **129.43** | ½ Kg |
| 7 | മല്ലി | 79.00 | 158.79 | 79.79 | 50% | **39.90** | ½ Kg |
| 8 | പഞ്ചസാര | 22.00 | 40.32 | 18.32 | 45% | **18.32** | 1 Kg |
| 9 | വെളിച്ചെണ്ണ 1/2 ലിറ്റർ | 46.00 | 83.18 | 37.18 | 45% | **37.18** | ½ Litre |
| 10 | ജയ അരി | 25.00 | 59.00 | 34.00 | 58% | **34.00** | എല്ലാ ഇനങ്ങളും ഉൾപ്പെടെ 10 Kg |
| 11 | കുറുവ അരി | 25.00 | 39.78 | 14.78 | 37% | **14.78** | |
| 12 | മട്ട അരി | 24.00 | 50.36 | 26.36 | 52% | **26.36** | |
| 13 | പച്ചരി | 23.00 | 33.86 | 10.86 | 32% | **10.86** | |
| | **ആകെ** | **612.00** | **1364.65** | **752.65** | | **583.33** | |

<u>**അനുബന്ധം III**</u>

| ക്രമ നം | ഇനം | കഴിഞ്ഞ സർക്കാർ അധികാരത്തിൽ വരുമ്പോഴുണ്ടായിരുന്ന സബ് സിഡി വില (രൂപ കി.ഗ്രാമിന്) | കഴിഞ്ഞ സർക്കാർ അധികാരമൊഴിയുന്ന തീയതിയിലെ സബ് സിഡി വില (രൂപ കി.ഗ്രാമിന്) |
|---|---|---|---|
| 1 | ചെറുപയർ | **74.00** | 74.00 |
| 2 | ഉഴുന്ന് ബോൾ | **66.00** | 66.00 |
| 3 | വൻകടല | **43.00** | 43.00 |
| 4 | വൻപയർ | **45.00** | 45.00 |
| 5 | തുവര പരിപ്പ് | **65.00** | 65.00 |
| 6 | മുളക് | **75.00** | 75.00 |
| 7 | മല്ലി | **92.00** | 79.00 |
| 8 | പഞ്ചസാര | **22.00** | 22.00 |
| 9 | വെളിച്ചെണ്ണ ½ ലിറ്റർ | **45.00** | 46.00 |
| 10 | ജയ അരി | **25.00** | 25.00 |
| 11 | കുറുവ അരി | **25.00** | 25.00 |
| 12 | മട്ട അരി | **24.00** | 24.00 |
| 13 | പച്ചരി | **23.00** | 23.00 |

# അനുബന്ധം IV

| ക്രമ നമ്പ ര് | ഇനം | ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുണ്ടായി രുന്ന സബ്സിഡി വില (രൂപ കി.ഗ്രാമിന്) | നിലവിലെ സബ്സിഡി വില (രൂപ കി.ഗ്രാമിന്) |
|---|---|---|---|
| 1 | ചെറുപയർ | 74.00 | 74.00 |
| 2 | ഉഴുന്ന് ബോൾ | 66.00 | 66.00 |
| 3 | വൻകടല | 43.00 | 43.00 |
| 4 | വൻപയർ | 45.00 | 45.00 |
| 5 | തുവര പരിപ്പ് | 65.00 | 65.00 |
| 6 | മുളക് | 75.00 | 75.00 |
| 7 | മല്ലി | 79.00 | 79.00 |
| 8 | പഞ്ചസാര | 22.00 | 22.00 |
| 9 | വെളിച്ചെണ്ണ 1/2 ലിറ്റർ | 46.00 | 46.00 |
| 10 | ജയ അരി | 25.00 | 25.00 |
| 11 | കുറുവ അരി | 25.00 | 25.00 |
| 12 | മട്ട അരി | 24.00 | 24.00 |
| 13 | പച്ചരി | 23.00 | 23.00 |

**അനുബന്ധം V**

| ക്രമ നം | ഇനം | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന സബ്സിഡി വില (രൂപ കി.ഗ്രാമിന്) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഉണ്ടായിരുന്ന പൊതു വിപണി വില (as per Economics and Statistics Dept of 22.05.2021 (per Kg) | നിലവിലെ സബ്സിഡി വില (രൂപ കി .ഗ്രാമിന്) | നിലവിലെ പൊതു വിപണി വില (as per Economics and Statistics Dept of 06.12.2022 (per Kg) | നിലവിലെ സബ്സിഡി വിലയും പൊതു വിപണി വിലയും തമ്മിലുള്ള വ്യത്യാസം | 22.05.21 ലെ പൊതു വിപണി വിലയും നിലവിലെ (06.12.22) പൊതു വിപണി വിലയും തമ്മിലുള്ള വ്യത്യാസം |
|---|---|---|---|---|---|---|---|
| | | A | B | C | E | F = E–C | G = E–B |
| 1 | ജയ അരി | 25.00 | 38.50 | 25.00 | 59.00 | 34.00 | **20.50** |
| 2 | കുറുവ അരി | 25.00 | 34.00 | 25.00 | 39.78 | 14.78 | **5.78** |
| 3 | മട്ട അരി | 24.00 | 36.88 | 24.00 | 50.36 | 26.36 | **13.48** |
| 4 | പച്ചരി | 23.00 | 37.00 | 23.00 | 33.86 | 10.86 | **–3.14** |